7

# ദൈവീക നടത്തിപ്പ്, 1

നാം നടത്തിപ്പിനുവേി പ്രാർത്ഥിക്കുന്നു; നാം ദൈവീകമായ നടത്തിപ്പു അന്വേഷിക്കണം. സാക്ഷ്യങ്ങൾ സംശയകരമാണ്. അവ വാസ്തവത്തിൽ എന്താകുവാൻ ആഗ്രഹിക്കുന്നുവോ അതായിരിക്കുമെന്ന് ശ്രദ്ധിക്കണം. പരാജയങ്ങൾ ഒരിക്കലും സാക്ഷ്യങ്ങളല്ല. സൂചനകളെ സൂക്ഷിക്കുക; ദൈവീക നടത്തിപ്പ് എന്നതിനെ കുറിച്ചു നിങ്ങൾ ചിന്തിക്കുന്നത് ഒരുപക്ഷെ മനുഷ്യ മനസ്സിന്റെ വികാരങ്ങൾ ആകാം. നാം പ്രാർത്ഥിക്കുന്നു; പിന്നെ നാം ശ്രദ്ധിച്ച് നോക്കുന്നു. നാം പറയുന്നു, ദൈവമേ, ബ്ലാക്ക്ബോർഡിൽ ഉവ്വ് അല്ലെങ്കിൽ ഇല്ല എന്നു എഴുതേണമേ. ദൈവത്തിന് ഉവ്വ് അല്ലെങ്കിൽ ഇല്ല എന്ന് നിലവിളിച്ച് പറയുന്നത് നിസ്സാരമാണ് എന്നാൽ അതല്ല അവന്റെ ഇഷ്ടം. അത് ഇന്നുള്ള വെളിപ്പാടിന്റെ ശബ്ദമായിരിക്കും. അവൻ നമ്മോടു ഉവ്വ് അല്ലെങ്കിൽ ഇല്ല എന്നു പറഞ്ഞാൽ, പിന്നെ അതനുസരിച്ചില്ലെങ്കിൽ കൃത്യമായും പാപമാകും. സങ്കീർത്തനങ്ങൾ 143:10-ഉം യോഹന്നാൻ 7:17-ഉം വെളിപ്പെടുത്തുന്നത് നാം ദൈവേഷ്ടം വെറുതെ *അറിഞ്ഞാൽ* മാത്രം പോരാ, അതു *ചെയ്യുക*യാണ് വേ ത് എന്നാണ്. നമ്മിൽ അധികം പേരും അത് *അറിയുവാ*നായി മാത്രം പ്രാർത്ഥിക്കുന്നു. ഒരാൾ ജ്ഞാനത്തിനുവേി പ്രാർത്ഥിക്കുന്നു. ഒരാൾ സത്യം അറിയുവാൻ ബൈബിൾ വായിക്കുന്നു. കർത്താവ് എന്നോടു സംസാരിച്ചു എന്നു പറയുന്നത് മതനിന്ദയാണ്! അവൻ ഇനി അങ്ങനെ ചെയ്യുന്നില്ല! കർത്താവ് എന്നോടു അതു ചെയ്യുവാൻ പറഞ്ഞു അല്ലെങ്കിൽ ഇതു ചെയ്യുവാൻ പറഞ്ഞു എന്നുള്ള അവകാശങ്ങൾ പറയുന്നത് ബാലിശമായ ചാപല്യമാണ്. വ്യക്തിപരമായ താൽപര്യപ്രകാരം ദൈവേഷ്ടം അല്ലെങ്കിൽ ദൈവവചനം അന്വേഷിക്കണമെന്ന് തിരുവെഴുത്തിൽ ഒരിടത്തും പറയുന്നില്ല. ദൈവത്തിന്റെ ചെറിയ, നിശ്ചലമായ ഒരു ശബ്ദവുമില്ല. ആന്തരികമായ തോന്നലുകൾ വെളിപ്പാടുകൾ അല്ല. ദൈവീക വെളിപ്പാടിലേക്ക് വികാരങ്ങളെ ഉയർത്തുക എന്നാൽ ഭാവി പ്രവചനവുമായി നീങ്ങുന്നതാണ്. അനുഭവമുള്ള ഒരാളോട് മത്സരിക്കുവാൻ തിരുവെഴുത്തുമായി നിൽ ക്കുന്ന ഒരാൾക്ക് സാധ്യമല്ല.

ദൈവം പരമോന്നതനാണ് ... മനുഷ്യർക്ക് സ്വതന്ത്ര-ധാർമ്മിക അധികാരമു്. ദൈവം തന്റെ പരമാധികാരത്തെ ലംഘിക്കുകയോ മനുഷ്യന്റെ തിരഞ്ഞെടുപ്പു സ്വാതന്ത്ര്യത്തെ ഹനിക്കുകയോ ചെയ്യുന്നില്ല. ദൈവം നമുക്ക് അപ്പം നൽകുന്നു, എന്നാൽ അവൻ, അത് അത്ഭുതകരമായി നമ്മുടെ മേശപ്പുറത്ത് വയ്ക്കുന്നില്ല. മനുഷ്യൻ പ്രാർത്ഥനയ്ക്ക് മറുപടി നൽകിയാൽ മാത്രം ദൈവം പ്രാർത്ഥനക്കു മറുപടി നൽകുന്നു. നിങ്ങൾക്ക് പ്രവർത്തിപ്പാൻ മനസ്സില്ലാത്തയാതൊന്നിനുവേിയും പ്രാർത്ഥിക്കരുത്. നാം ഉത്തരം നൽകാതിരിക്കുമ്പോൾ ദൈവം എന്തിനു ഉത്തരം നൽകണം? നിങ്ങൾക്കതിൽ വിശ്വാസമില്ലെങ്കിൽ, പിന്നെ അതിനുവേി പ്രാർത്ഥിക്കുന്നതു നിർത്തുക. പ്രാർത്ഥനയിൽ പക്വതയും പ്രായപൂർത്തി വന്നവരുടെ ഉത്തരവാദിത്വവും ഉൾപ്പെടുന്നു. നാം മനുഷ്യരെ പോലെ പ്രവർത്തിക്കണമെന്ന് ദൈവം നമ്മോടു പറയുന്നു.

വ്യക്തിത്വസ്വഭാവത്തിൽനിന്നാണ് പ്രാർത്ഥനക്ക് മറുപടി ലഭിക്കുന്നത്. നിങ്ങളിൽ ഒരുത്തന്നു ജ്ഞാനം കുറവാകുന്നു എങ്കിൽ, ഭർത്സിക്കാതെ എല്ലാ

വർക്കും ഔദാര്യമായി കൊടുക്കുന്നവനായ, ദൈവത്തോടു യാചിക്കട്ടെ, അപ്പോൾ അവനു ലഭിക്കും, എന്നു നമ്മോടു പറഞ്ഞിരിക്കുന്നു. എന്നാൽ ഒരുവൻ ഒന്നും സംശയിക്കാതെ വിശ്വാസത്തോടെ യാചിക്കേണം (യാക്കൊബ് 1:5, 6); എന്നാൽ ഉയരത്തിൽ നിന്നുള്ള ജ്ഞാനമോ ഒന്നാമതു നിർമ്മലവും, പിന്നെ സമാധാനവും, ശാന്തതയും അനുസരണവുമുള്ളതും, കരുണയും, സൽഫലവും നിറഞ്ഞതും, പക്ഷപാതവും, കപടവും ഇല്ലാത്തതുമാകുന്നു (യാക്കൊബ് 3:17). നാം ജ്ഞാനത്തിനായി പ്രാർത്ഥിക്കുന്നില്ല. ദൈവം നമ്മുടെ അറിവു ഉയർത്തുന്നില്ല. പ്രാർത്ഥന നമ്മെ ബുദ്ധിമാന്മാരാക്കുന്നില്ല, പിന്നെയോ ദയയുള്ളവരാക്കുന്നു. ജ്ഞാനത്തിനപ്പുറമായി ദൈവം നമുക്ക് പ്രത്യേക ഉത്തരങ്ങൾ നല്കുന്നില്ല ... എന്നാൽ പ്രാർത്ഥനയിൽനിന്നു കിട്ടുന്ന ജ്ഞാനം സ്വഭാവമാണ്! വിശുദ്ധി ഒരാളെ ദൈവേഷ്ടത്തിലാക്കുന്നു. സ്വഭാവശക്തിയിൽ നിന്നാണ് ദൈവം നമ്മെ നടത്തുന്നത്. നാം ഉത്തരങ്ങൾ ആഗ്രഹിക്കുന്നു! പക്വതയാർന്ന ആത്മീയതയാണ് ദൈവം ആഗ്രഹിക്കുന്നത്. നാം നമ്മുടെ ഉള്ളിൽ വചനം സംഗ്രഹിച്ച് ആത്മാവിൽ നിറയ്ക്കണം. നമുക്ക് ക്രിസ്തുവിന്റെ മനസാണ് ആവശ്യം. നാം തലയോളം വളരേണം. തിരിച്ചറിവിന് നാം പാലിൽനിന്നു മാംസത്തിലേക്ക് പോകണം.

സാഹചര്യങ്ങളെ ദൈവം നിയന്ത്രിക്കുന്നു. കൂടാതെ, സാത്താൻ തടസപ്പെടുത്തുന്നു. പൗലൊസ് വ്യത്യാസം മനസിലാക്കി; ഞാൻ മനസിലാക്കുന്നില്ല. സാഹചര്യങ്ങളിൽ ദൈവം പ്രവർത്തിക്കുന്നു. അവൻ നമുക്ക് വാതിലുകൾ തുറക്കുകയും അടക്കുകയും ചെയ്യും. നാം അതിനു കീഴ്പ്പെടണം. അവൻ നമ്മുടെ മുഖത്തേക്കു വാതിൽ വലിച്ച് അടച്ചാൽ പോലും, നമുക്ക് ദൈവം ഉ്. നമ്മുടെ കഴിവിനപ്പുറമായി പരീക്ഷിക്കപ്പെടുവാൻ ദൈവം അനുവദിക്കയില്ല (1 കൊരിന്ത്യർ 10:13). അതിൽനിന്നു രക്ഷപ്പെടുവാൻ ദൈവം വഴി ഒരുക്കും. എങ്ങനെയായാലും, നമ്മുടെ പെരുമാറ്റത്തിനു അപ്പോഴും നാം തന്നെയാണ് ഉത്തരവാദികൾ. ദൈവം നമ്മെ ദുഷ്ടനിൽനിന്നു വിടുവിക്കും (മത്തായി 6). നമ്മുടെ തീരുമാനങ്ങളുടെ എല്ലാം ഉത്തമമായ മുദ്രയാണ് ബൈബിൾ ജ്ഞാനം. ആത്മാവിൽ നിറയുക എന്നാൽ തിരിച്ചറിയുക എന്നാണ് (എബ്രായർ 5:12–14; എഫെസ്യർ 5:18; കൊലൊസ്യർ 3:16). മനുഷ്യൻ ദൈവത്തിനു കീഴ്പ്പെടുന്നു, ദൈവം സാഹചര്യങ്ങളെ കൈകാര്യം ചെയ്യുന്നു. നമ്മുടെ വാലറ്റവെളിച്ചം കൊു ദൈവത്തെ കാണുക എളുപ്പമാണ്; എന്നാൽ ഹെഡ്ലൈറ്റുകൊ് ദൈവത്തെ കാണുക പ്രയാസമാണ്. വീും, വികാരങ്ങളെ സൂക്ഷിക്കുവാൻ മുന്നറിയിച്ചിരിക്കുന്നു: ഹൃദയം എല്ലാറ്റിനേക്കാളും കപടവും വിഷമവുമുള്ളത്; അതു ആരാഞ്ഞ് അറിയുന്നവൻ ആർ? (യിരെമ്യാവ് 17:9).

നാം പ്രാർത്ഥനയിൽ മല്ലിടുന്നു; പ്രാർത്ഥനയിൽ നാം വളരുന്നു; പ്രാർത്ഥനയിൽ നാം സ്ഥിരോത്സാഹമുള്ളവരാകുന്നു. പ്രാർത്ഥിക്കുന്നതുവരെ പ്രാർത്ഥിക്കുക! പ്രാർത്ഥന നിങ്ങൾക്ക് എന്തെങ്കിലും ഗുണം ചെയ്യുന്നതുവരെ പ്രാർത്ഥിക്കുക. ദൈവത്തെ പ്രശ്നപരിഹാരകനോ, ആവശ്യങ്ങൾ–നല്കുന്നവനോ ആയി മാത്രം കാണരുത്. അവൻ ആകാശത്തിലെ ആവശ്യം നിറവേറ്റുന്നവനല്ല. അവൻ നമ്മെ മാറ്റുവാൻ വരുന്നു. ഒരു നല്ല വ്യക്തിയായി നമ്മുടെ പ്രാർത്ഥന അവസാനിപ്പിക്കുമ്പോൾ പ്രാർത്ഥനക്കു മറുപടി ലഭിക്കുന്നു. പ്രാർത്ഥനക്കു മറുപടി ലഭിക്കുമ്പോൾ ആവേശം കൊള്ളരുത്; അതുപോലെ പ്രാർത്ഥനക്കു മറുപടി ലഭിക്കുമ്പോൾ വിഷമിക്കയുമരുത്.

# പ്രാർത്ഥനയിലെ അച്ചടക്കം

## മത്തായി 17:14 - 21

എങ്കിലും പ്രാർത്ഥനയാലും ഉപവാസത്താലും *അല്ലാതെ ഈ ജാതി നീങ്ങിപ്പോകയില്ല (മത്തായി 17:21).*

*ചില കാര്യങ്ങൾ അഗാധമായ പ്രാർത്ഥനയാലും ഉപവാസത്താലും മാത്രമേ വരികയുള്ളൂ!* ഭൂതബാധയാൽ ചിത്തഭ്രമം ബാധിച്ച മകനു വേി മദ്ധ്യസ്ഥതക്കായി യാതനയിലായിരുന്ന ഒരപ്പൻ യേശുവിന്റെ അടുക്കൽ വന്നു. അവനെ ആദ്യം അപ്പൊസ്തലന്മാരുടെ അടുക്കലാണ് കൊുവന്നതെങ്കിലും, അവർ പരാജയപ്പെട്ടു. കഠിനപ്രയത്നത്തിലായിരുന്ന, യേശു, പരാജയപ്പെട്ടില്ല! അപ്പൊസ്തലന്മാർ പരാജയപ്പെടുവാൻ കാരണം അവർ ഉപവസിക്കാതെയും പ്രാർത്ഥിക്കാതെയും ശ്രമിച്ചതുകൊാണെന്നു യേശു പറഞ്ഞു. അതു പ്രാർത്ഥനയിലെ മറ്റൊരു പ്രശ്നം നമുക്ക് പരിചയപ്പെടുത്തുകയാണ്. ശിഷ്യന്മാർ മുൻപു സൗഖ്യമാക്കിയിട്ടു്. മറ്റു പ്രശ്നങ്ങളും അവർ കൈകാര്യം ചെയ്തിട്ടു്. ഗൗരവമേറിയ കാര്യങ്ങൾ അധികം ആവശ്യപ്പെടുന്നു! ഗൗരവമായ കാര്യങ്ങൾക്ക് പ്രാർത്ഥനയും ഉപവാസവും ആവശ്യപ്പെടുന്നു. ഞാൻ പ്രാർത്ഥനക്കു ശ്രമിച്ചിട്ടു്, പക്ഷെ നടന്നിട്ടില്ല! നിങ്ങൾ ശ്രമിച്ചിട്ടുോ? നിങ്ങൾ വാസ്തവത്തിൽ പ്രാർത്ഥിച്ചിട്ടുോ? നിങ്ങൾ ഉപവസിച്ചിട്ടുോ? നിങ്ങൾ വിശ്വാസമില്ലാത്തവരാണോ? യേശു പറഞ്ഞു, യാചിപ്പിൻ ... അന്വേഷിപ്പിൻ ... മുട്ടുവിൻ! ഗുണദോഷിക്കലിൽ, എന്റെ ആദ്യ ചോദ്യമാണ് നിങ്ങൾ അതിനെകുറിച്ചു പ്രാർത്ഥിച്ചോ? ഖേദകരമെന്നു പറയട്ടെ, കുറച്ചുപേർ മാത്രം പ്രാർത്ഥിക്കും. ആരും ഒരിക്കലും ഉപവസിച്ചിട്ടില്ല. നിങ്ങൾ ഉപവസിച്ചിട്ടുോ? നിങ്ങൾ ഉപവസിക്കുമോ?

ആത്മീയത ഇന്നു പ്രതികാരത്തോടെ പിന്നിലേക്കു പോയിരിക്കയാണ്, പക്ഷെ അതു ബൈബിൾ സംബന്ധമായ ആത്മീയതയല്ല. അതു ബാലിശവും, വാചാലവും, സ്വാർത്ഥവുമാണ്. ദൈവത്തെകുറിച്ച് തോന്നലുാകുവാനാണ് അല്ലാതെ അറിയുവാനല്ല അധികം പേരും ആഗ്രഹിക്കുന്നത്. നിങ്ങൾക്ക് കിട്ടണമെന്നുള്ളത് എന്താണെന്നു, ദൈവത്തോടു പറഞ്ഞാൽ മതിയെന്നാണ് ടെലിവിഷൻ പ്രാസംഗികർ പറയുന്നത്. അതു യുക്തിരഹിതമാണ്. പ്രാർത്ഥനക്കുള്ള ആൾജാമ്യമല്ല ദൈവം. ദൈവത്തോടു കല്പിക്കുവാൻ ആർക്കും സാധ്യമല്ല. ദൈവം ആർക്കും കടപ്പെട്ടിരിക്കുന്നില്ല. വെറുതെ ചോദിച്ചു വാങ്ങുക എന്നതു യാന്ത്രികമാകും. പ്രാർത്ഥന എന്നാൽ മതപരമായി ഒരാൾ തന്റെ ഇഷ്ടത്തിനു യാത്ര ചെയ്യുന്നതല്ല. പ്രാർത്ഥന അന്ധവിശ്വാസമല്ല, കീഴ്പ്പെടലാണ്. ആത്മീയത തിരുവെഴുത്തും ബോധവുമായി ബന്ധപ്പെടുത്തണം. ഇന്നു, ശിഷ്യത്വം പുറത്തും കളി അകത്തും വന്നിരിക്കയാണ്. പ്രാർത്ഥന തമാശയല്ല, പ്രവൃത്തിയാണ്. *തങ്ങളാണ്* ശക്തി എന്നു ധരിച്ചതുകൊാണ് അപ്പൊസ്തലന്മാർ പരാജയപ്പെട്ടത്. അവർ ദൈവശക്തി മനസ്സിലാക്കാതെ ഉപയോഗിച്ചു; എന്നാൽ തങ്ങളുടേതായ മനസലിവും ത്യാഗവും ഉൾപ്പെടുത്തുവാൻ അവർ മറന്നു.

ജീവിതത്തിലെ മറ്റെല്ലാറ്റിലുമെന്ന പോലെ, പ്രാർത്ഥന, അച്ചടക്കത്തെ ആവ

ശ്യപ്പെടുന്നു. അച്ചടക്കമില്ലാത്ത പ്രാർത്ഥന പരാജയപ്പെടും എന്നാണ്, യേശു പറഞ്ഞത്. ഒരു പിയാനോ വായനക്കാരൻ തന്റെ സംഗീതമേളക്ക് 50,000 മണിക്കൂറുകൾ പരിശീലനം നടത്തി. ഒരു ദിവസം 8 മണിക്കൂർ വെച്ച് 6,250 ദിവസം (17 വർഷവും 45 ദിവസവും). ഒരു സ്ത്രീ ആ വലിയ പിയാനോ വായനക്കാരൻ, പാഡരേവെസ്കിയെ അഭിനന്ദിച്ചുകൊു പറഞ്ഞു, ഞാനായിരുന്നുവെങ്കിൽ എന്റെ ആയുസു മുഴുവൻ അതിനായി മാറ്റി വെക്കേി വരും! അതാണ് ഞാൻ ചെയ്തതു, അദ്ദേഹം മറുപടി പറഞ്ഞു! അതുപോലെ, [1]പ്രാർത്ഥനക്കും, സമയവും, പരിശ്രമവും, പരിശീലനവും, ത്യാഗവും ആവശ്യമാണ്.

**പ്രാർത്ഥനയിൽ ആത്മനിർദ്ദേശം[2] ഉൾപ്പെടുന്നു**

ദൈവം പ്രാർത്ഥനക്കു മറുപടി നല്കുന്നു. ഈശ്വരവിശ്വാസം എന്നതു മതനിന്ദയാണ്. ലോകത്തെ ദൈവം സൃഷ്ടിച്ചതു നഷ്ടമാക്കുവാനാണ് എന്നു പറയുന്ന തെറ്റായ സിദ്ധാന്തമാണ് ഈശ്വരവിശ്വാസം. മനുഷ്യചരിത്രത്തിൽ പ്രവർത്തിക്കുവാൻ അവനു കഴിയുകയില്ല എന്നും, അവനു നമ്മുടെ ജീവിതത്തിലേക്കു കടന്നുവരുവാൻ കഴിയുകയില്ല എന്നുമാണ് അതു പറയുന്നത്. ദൈവത്തിനു ഇന്നു പ്രവർത്തിപ്പാൻ കഴിയുകയില്ലെന്നു കരുതുന്ന സഹോദരന്മാർ പ്രാർത്ഥനയെ ഒരു കല്പനയിലേക്കും സ്വ-ലക്ഷ്യത്തിലേക്കുമായി ചുരുക്കുന്നു. ഈശ്വരവിശ്വാസം പരാജയപ്പെടും! ദൈവം പരാജയപ്പെടുകയില്ല! വലിയ ഗൃഹമായ ഭൂമിയിൽ പ്രവർത്തിക്കത്തക്കവണ്ണം, ദൈവം വാസ്തവത്തിലുള്ളതും, ജീവനുള്ളതുമാണ്. ദൈവം നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുന്നു. ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുകയും മറുപടി നല്കുകയും ചെയ്യുന്നു. അതാണ് നമ്മുടെ വിശ്വാസം!

പ്രാർത്ഥനയിൽ ആത്മനിർദ്ദേശങ്ങൾ വരുമെങ്കിലും, പ്രാർത്ഥന ആത്മനിർദ്ദേശമല്ല. നമ്മുടെ പ്രാർത്ഥന നമ്മെ മാറ്റുന്നില്ലെങ്കിൽ, പിന്നെ അവ എന്തിനു ദൈവത്തെ മാറ്റണം? പ്രാർത്ഥന സാഹചര്യങ്ങളെ പ്രാഥമികമായി മാറ്റും കാരണം അതു നമ്മെ മാറ്റുന്നു. എന്തുകൊു നാം കൂടുതൽ പ്രാർത്ഥിക്കുന്നില്ല? ഞാൻ വളരെയധികം പ്രസംഗിക്കയും വളരെ കുറച്ചുമാത്രം പ്രാർത്ഥിക്കയും ചെയ്തിട്ടു്. അതിനർത്ഥം ഞാൻ പ്രാർത്ഥനക്കു എന്നെ ശീലിപ്പിച്ചതിനേക്കാൾ പ്രസംഗത്തിനായി ശീലിപ്പിച്ചു എന്നാണ്. പ്രാർത്ഥിക്കുന്നതിനു എടുക്കുന്നതിനേക്കാൾ കൂടുതൽ സമയം വായനക്കായി ഞാൻ ചിലവഴിച്ചു. ഞാൻ ആയിരക്കണക്കിനു പുസ്തകങ്ങൾ വായിച്ചിട്ടു്. ഖേദകരമെന്നു പറയട്ടെ, ഞാൻ പ്രാർത്ഥനയേക്കാൾ കൂടുതൽ പരിശീലിച്ചത് വായനയാണ്. പ്രാർത്ഥനയേക്കാൾ എനിക്ക് നല്ലതു വായനയായി ഞാൻ കണക്കാക്കി. പ്രാർത്ഥന ആളുകളെ മാറ്റുന്നു; ആളുകൾ സാഹചര്യത്തെ മാറ്റുന്നു. ആർക്കാണ് ഒരേസമയത്തു ശപിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാൻ കഴിയുക? അലസത നമ്മുടെ പ്രാർത്ഥനാജീവിതത്തെ നശിപ്പിക്കുന്നു. പ്രാർത്ഥന ഒഴിഞ്ഞുമാറലല്ല അതു ദൈവത്തെ അഭിമുഖീകരിക്കലാണ്. ദൈവത്തിലുള്ള നമ്മുടെ ആശ്രയത്തിന്റെ പ്രകടമായ തെളിവാണ് ആത്മാർത്ഥമായ പ്രാർത്ഥന.

കൂട്ടായ്മ നമ്മുടെ ജീവിത*ത്തോട്* ചിലതു ചെയ്യുന്നു്; അപേക്ഷ നമുക്കു *േവ ി* ചിലതു ചെയ്യുന്നു്; മദ്ധ്യസ്ഥത നമ്മുടെ ജീവിതം *മുഖാന്തരം* ചിലതു ചെയ്യുന്നു; എന്നാൽ ചിലതു *നമു ക്കു വേ ി*യും *നാം മുഖാന്തരവും* ചെയ്യുവാൻ കഴിയുന്നതിനു മുൻപു, ചിലതു *നമ്മുടെ ജീവിതത്തോടു* ചെയ്യേ തായിട്ടു്! പ്രാർത്ഥനയുടെ ലക്ഷ്യം ദൈവേഷ്ടം നമ്മിലേക്ക് ചായ്ക്കുകയല്ല, പിന്നെയോ

നമ്മുടേത് ദൈവഹിതത്തിലേക്കു മാറ്റുകയാണ്. അഗസ്റ്റിൻ പറഞ്ഞു, ദൈവത്തെ കൂടാതെ, നമുക്ക് അതു സാധ്യമല്ല. നമ്മെ കൂടാതെ, ദൈവം പ്രവർത്തിക്കുകയില്ല.

**നമ്മുടെ തന്നെ പ്രാർത്ഥനക്കു നാം ഉത്തരം നല്കണം**

പ്രാർത്ഥന ഫലിക്കുന്നതു ദൈവം പ്രവർത്തിക്കുന്നതുകൊാണ്, *എന്നാൽ പ്രാർത്ഥന മാത്രം പോരാ!* മത്തായി 17:14–21 ൽ, യേശു പറഞ്ഞു, ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക. ദൈവം പ്രാർത്ഥനക്കു മറുപടി തരും, പക്ഷെ മനുഷ്യൻ ഉപവസിക്കുന്നു. നമ്മുടെ പ്രവൃത്തിയിലും, വിശ്വാസത്തിലും, ത്യാഗത്തിലും കുറവു സംഭവിക്കുന്നതുകൊു ദൈവത്തിന്റെ പ്രവൃത്തി പരിമിതപ്പെടുന്നു. പ്രാർത്ഥന, എന്നതു മാത്രം, പോരാ. പൂർത്തിയാകാത്ത പ്രാർത്ഥന എന്ന പേരിൽ എച്ച്. ലിയോ ബോൾസ് ഒരു പ്രസംഗം തയ്യാറാക്കിയിരുന്നു. മനുഷ്യൻ ആദ്യം തന്റെ പ്രാർത്ഥനക്കു സ്വയം ഉത്തരം നല്കണം. നിങ്ങൾ ചെയ്യാത്തതു മറ്റുള്ളവരോട് ചെയ്യുവാൻ പറയുന്നത് എന്തിന്? പ്രാർത്ഥിക്കുക എന്നതു പ്രവർത്തിക്കുകയാണ്; പ്രവർത്തിക്കുന്നതു പ്രാർത്ഥനയുമാണ്. ചിന്തക്കും, പ്രവൃത്തിക്കും, സ്നേഹത്തിനും പകരമല്ല പ്രാർത്ഥന. വയലിനെ കുറിച്ചു പ്രാർത്ഥിച്ചാൽ മാത്രം അവിടെ ഉഴവു നടക്കുകയില്ല. നാം സമർപ്പിക്കപ്പെടാത്ത ഒന്നിനുവേി നമുക്ക് പ്രാർത്ഥിക്കുവാൻ കഴിയുകയില്ല. പ്രാർത്ഥനക്കു വളരെ ചെയ്യുവാൻ കഴിയും, എന്നാൽ അതു എല്ലാമല്ല. ഒരു കുടുംബം ദാരിദ്ര്യത്തിലായിരുന്നു, അതുകൊു സഭ പ്രാർത്ഥിപ്പാൻ കൂടിവന്നു. ഒരു കർഷക ബാലൻ ഒരു വി പലചരക്കുമായി വന്നു. അവൻ പറഞ്ഞു, ഞാൻ എന്റെ അച്ഛന്റെ പ്രാർത്ഥനകൾ കൊുവന്നിരിക്കുന്നു! രു കുട്ടികൾ സ്കൂളിൽ പോകുവാൻ വൈകി. ഒരാൾ പറഞ്ഞു നമുക്ക് നിന്നുകൊു പ്രാർത്ഥിക്കാം. മറ്റേയാൾ പറഞ്ഞു, നമുക്ക് ഓടിക്കൊു പ്രാർത്ഥിക്കാം. പ്രാർത്ഥനക്കു ചിറകു മുളക്കുന്നതു അനുസരിക്കുമ്പോഴാണ്. നിന്റെ ഇഷ്ടം എന്നെ പഠിപ്പിക്കേണമേ, എന്നല്ല ദാവീദ് പ്രാർത്ഥിച്ചത്. അവൻ പറഞ്ഞതു, നിന്റെ ഇഷ്ടം *ചെയ്യുവാൻ* എന്നെ പഠിപ്പിക്കേണമേ എന്നാണ് (സങ്കീർത്തനങ്ങൾ 143:10; എംഫസിസ് മൈൻ).

പ്രാർത്ഥന അനുസരണത്തിനു പകരമല്ല. 1 യോഹന്നാൻ 3:17–24 ൽ, ദൈവം അനുസരണത്തെ പ്രാർത്ഥനയുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. നാം അനുസരിക്കുന്നതുകൊാണ് നമുക്ക് ലഭിക്കുന്നത്. നാം ആദ്യം കൊടുക്കുന്നതുകൊാണ് നമുക്ക് കിട്ടുന്നത്. കൊടുക്കാത്തവനു, ലഭിക്കുവാനും, കഴിയുകയില്ല. അടുത്ത സമയത്ത്, ഒരു മിഷ്ണറി അല്പം കൈപ്പോടെ പറഞ്ഞു, ഞങ്ങൾക്ക് നിങ്ങളുടെ പ്രാർത്ഥന ആവശ്യമില്ല. ആ പ്രകോപനത്തിനു കാരണം എന്താണ്? മൂപ്പന്മാരുമായി ഒരു സദസ് മിഷ്ണറിമാർക്കു ലഭിക്കുക അസാധ്യമാണ്. ഇടവകക്കു മുൻപിലും അവർക്ക് ഒരു സദസ് ലഭിക്കുന്നതു അസാധ്യമാണ്. മിഷ്ണറിമാർക്കു നമ്മെയും, നമ്മുടെ സഹായത്തെയും ആവശ്യമാണ്. മിഷ്ണറിമാർ പറയുന്നതു നാം കേൾക്കാതിരിക്കയോ അവരെ സഹായിക്കാതിരിക്കയോ ചെയ്യുമ്പോൾ, അവർക്കു നമ്മുടെ പ്രാർത്ഥന ആവശ്യമില്ല! അടഞ്ഞവാതിലുകളെയും പ്രാർത്ഥനയെയും കൂട്ടിക്കുഴക്കരുത്. നിങ്ങൾ ഒരു മനുഷ്യൻ പറയുന്നതു കേൾക്കുന്നില്ല എങ്കിൽ, അയാൾക്കുവേി പിന്നെ പ്രാർത്ഥിക്കുന്നതെന്തിന്? പ്രവൃത്തിയില്ലാതായാൽ, വിശ്വാസം പോലെ, പ്രാർത്ഥനയും നിർജീവമാകും. താഴ്മയോടെ പ്രാർത്ഥിക്കുക, എന്നാൽ മനോഹരമായി പ്രവർത്തിക്കുകയും ചെയ്യുക. ആഗ്രഹങ്ങൾ കുതിരകളാണെങ്കിൽ,

യാചകർ അതിനെ ഓടിക്കും. ദൈവത്തിൽനിന്നു നമുക്ക് എന്തുമാത്രം കിട്ടുന്നു എന്നതല്ല വിജയകരമായ പ്രാർത്ഥന, പിന്നെയോ നമ്മിൽനിന്നു ദൈവത്തിനു എന്തുമാത്രം ലഭിക്കുന്നു എന്നതാണ്. നാം നമ്മുടെ ഏറ്റവും നല്ലതു നല്കാതെ ദൈവം അവന്റെ ഏറ്റവും നല്ലതു നല്കുകയില്ല. നാം പ്രാർത്ഥനക്കു മുമ്പായി ചെയ്യേതു ചെയ്താൽ മാത്രമേ, പ്രാർത്ഥനക്കുശേഷം നമുക്ക് വേതു ലഭിക്കുകയുള്ളൂ. നാം പ്രവർത്തിച്ചുകൊു പ്രാർത്ഥിക്കുക.

**പ്രാർത്ഥനയിൽ ധ്യാനവും ഉൾപ്പെടുന്നു**

നമുക്ക് ധ്യാനം ആവശ്യമാണ്!

> യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച്, അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ (സങ്കീർത്തനങ്ങൾ 1:2).
>
> നിന്റെ ന്യായപ്രമാണം എനിക്കു എത്രയോ പ്രിയം! ഇടവിടാതെ അതു എന്റെ ധ്യാനം ആകുന്നു (സങ്കീർത്തനങ്ങൾ 119:97).
>
> നിന്റെ അഭിവൃദ്ധി എല്ലാവർക്കും പ്രസിദ്ധമായി തീരേതിന്നു, ഇതു കരുതുക; ഇതിൽത്തന്നെ ഇരുന്നുകൊൾക (1 തിമൊഥെയൊസ് 4:15).

സ്വാർത്ഥവും, കേടുവന്നതും, ബാലിശവുമായ ഒരു സംസ്ക്കാരം ധ്യാനത്തിൽ ഇല്ല. ധ്യാനം എന്നതു പുറത്ത് ... പുറത്ത് ... പുറത്ത് എന്നതാണ്. ധ്യാനത്തിനു സമയം ആവശ്യമാണ് (നാം വളരെ തിരക്കിലാണ്) ... നിശബ്ദത ആവശ്യമാണ് (നാം റ്റിവിയും റേഡിയോയും നിർത്തുന്നില്ല) ... ചിന്ത ആവശ്യമാണ് (നാം നമ്മുടെ വികാരങ്ങളിലാണ്) ... നിർജനപ്രദേശം ആവശ്യമാണ് (നിർജനപ്രദേശവും ഏകാന്തതയും രാണ്) ... മനസാക്ഷിയും (നാം സ്വയ-മതിപ്പിലാണ്) ... പിന്നെ മാറ്റവും ആവശ്യമാണ് (നാം മറിച്ച് ഇരയാവുകയാണ്)! പ്രാർത്ഥന ബുദ്ധിപരമായ ഉത്തരങ്ങളോ, സൂത്രങ്ങളോ, രഹസ്യമുള്ള കടങ്കഥയോ, വൈഭവമുള്ള പുതിയ വിശദീകരണങ്ങളോ അല്ല എന്നാൽ അത് ദൈവസാന്നിദ്ധ്യം പരിശീലിക്കലാണ്!

അതു തീർക്കാതെ ഒരു ദിവസം ഒരിക്കലും ആരംഭിക്കരുത്! അതു ദൈവത്തിനു ഏല്പിച്ചുകൊുവേണം ദിവസം ആരംഭിക്കുവാൻ. കടമക്കുള്ള വിവരം നല്കുക. ദിവസം മുഴുവൻ നിങ്ങളുടെ വഴിയിൽ പ്രാർത്ഥിച്ചുകൊിരിക്കുക. പുകഴ്ച്ച നുറുക്കട്ടെ. ശരിയായ ഒരു കാഴ്ച്ചപ്പാട് വീടെടുക്കുവാൻ ജീവിതത്തിന്റെ ആവശ്യങ്ങളിൽ നിന്നു നമ്മെ മാറ്റി നിർത്തണം. ഏകാന്തതയെ ഇഷ്ടപ്പെടുക, ഏകാന്തത പരിശീലിക്കുക. പിന്നെ നിങ്ങൾ ദൈവത്തിനായി സമർപ്പിക്കുക. ബൈബിളിൽ പറയുന്ന ഉയർന്ന വ്യക്തികളെല്ലാം വലിയ ധ്യാനം നടത്തിയവരായിരുന്നു.

ധ്യാനത്തിന്റെ പര്യായപദമാണ് അയവിറക്കൽ. നാട്ടിൻപുറത്തു ജനിച്ചു വളർന്ന ഒരു കുട്ടിയായതുകൊു, പശു അയവിറക്കുന്നത് എന്താണെന്നു എനിക്ക് അറിയാം. ചിന്തയെ ദഹിപ്പിക്കുന്നതാണ് ധ്യാനം. ഒരു പുതുവർഷതീരുമാനമല്ല ധ്യാനം, അതു, കഠിനശ്രമം നടത്തുന്നതാണ്. ധ്യാനം ശ്രമിക്കുന്നതല്ല, മറിച്ച് ആശ്രയിക്കുന്നതാണ്! പ്രാർത്ഥന മരണത്തിനുള്ള തയ്യാറെടുപ്പാണ്. അത് സ്വയ-ഇഷ്ടത്തിന്റെയും ദൈവത്തെ പരിഹസിക്കുന്നതിന്റെയും അവ

സാനമാണ്. നാം പ്രാർത്ഥിക്കുമ്പോൾ, നമ്മുടെ സമയത്തിനും ഇഷ്ടത്തിനും പകരം ദൈവത്തിന്റെ ഇഷ്ടത്തെ അനുവദിക്കയാണ്. പ്രാർത്ഥന എന്നാൽ സ്വയത്തെ ഇല്ലാതാക്കി ദൈവത്തിലേക്ക് ഒഴിഞ്ഞുകൊടുക്കുന്നതാണ്. നമ്മുടെ ജീവിതത്തിന്റെ കേന്ദ്രത്തിലേക്ക് നമ്മെ കൊുവരുന്നതാണ് ധ്യാനം.

ശാന്തതയോടെ ശ്രദ്ധിക്കുന്നതാണ് ധ്യാനം. ശ്രദ്ധിക്കുക എന്നതു പ്രാർത്ഥന സംസാരമാണെന്നതു പോലെയാണ്. നാം ശ്രദ്ധിക്കുന്നതു കുറച്ചും; സംസാരിക്കുന്നത് അധികവുമാണ്. മനസിനെ നിയന്ത്രണത്തിലാക്കുന്നതല്ല ധ്യാനം, അത് ഏകാഗ്രതയും ശ്രദ്ധയും ഉൾപ്പെടുന്നതാണ്. ദൈവത്തെ ശ്രദ്ധിക്കുന്നതു ദൈവത്തോടു സംസാരിക്കുന്നതിനേക്കാൾ പ്രാധാന്യമുള്ളതാണ്. നമ്മിൽ മിക്കപേരും സംഭാഷണമല്ല സംസാരമാണ് നടത്തുന്നത്. നാം ശ്രദ്ധക്കുറവുള്ളവരാണ്. പ്രാർത്ഥിക്കുന്ന അനേകർ കാത്തിരിക്കുന്നില്ല. പ്രാർത്ഥനയാലാണ് ജ്ഞാനം വരുന്നത് (യാക്കൊബ് 1:5, 6). സഹായം ലഭിക്കുന്നതു പ്രാർത്ഥനയാലാണ്. ശക്തി ലഭിക്കുന്നതു പ്രാർത്ഥനയാലാണ്. പ്രാർത്ഥന പേശികളുടെ ശക്തി പ്രകടിപ്പിക്കുന്നതിനേക്കാൾ വലുതാണ്, അത് ആത്മീയമായ മോഹനിദ്രയേക്കാളും വലുതാണ്. പ്രാർത്ഥന ദൈവവുമായി ഉള്ള കൂട്ടായ്മയും, യോജിപ്പും, സംഭാഷണം നടത്തുന്നതുമാണ്. നഷ്ടപ്പെട്ട ഒരു കലയാകരുത് ധ്യാനം. നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും പ്രായോഗികമായ ഒന്നാണ് ധ്യാനം.

### പ്രാർത്ഥനയിൽ ഉപവാസം ഉൾപ്പെടുന്നു

നാം ഉപവാസത്തിൽ വിശ്വസിക്കുന്നില്ല. വിശ്വസിച്ചാൽ, നാം ഉപവസിക്കും. ഉപവാസം ഇന്നു വിചിത്രമായ ഒന്നാണ്, കാലഹരണപ്പെട്ട മതപരമായ ഒരു ആചാരത്തിന്റെ അവശിഷ്ടമാണ്. നാം എങ്ങനെ ജീവിക്കുന്നു എന്നത് നാം വാസ്തവത്തിൽ എന്താണ് വിശ്വസിക്കുന്നതുഎന്നതിന്റെ അടിസ്ഥാനത്തിലാണ്. ഒരാളുടെ ജീവിതമാണ് അയാളുടെ ബൈബിൾ. ഉപവാസത്തെക്കുറിച്ചു മത്തായി 17 പഠിപ്പിക്കുന്നു. ശിഷ്യന്മാർ പരാജയപ്പെടുവാൻ കാരണം അവർ വിശ്വസിക്കാത്തതുകൊാണ്. അവർ വിശ്വസിച്ചിരുന്നില്ല, അല്ലെങ്കിൽ അവർ ഉപവസിക്കുമായിരുന്നു! അവർ ഉപവസിക്കാതിരുന്നതുകൊു അവരുടെ പ്രാർത്ഥന ഫലിച്ചില്ല. *നാം ഉപവസിക്കുന്നില്ല!* സഹോദരന്മാർ വളരെ ബലക്ഷയമുള്ളവരും, ബലഹീന-മനസ്കരും, കൂടുതൽ സുഖ-ഭോഗികളുമായതുകൊു അതിനെ പരിഗണിക്കുന്നതുപോലുമില്ല! നൂറ്റാുകളായി പുറന്തള്ളപ്പെട്ടിരിക്കുന്ന ഒന്നാണ് ഉപവാസം. 1861-നും 1964-നും ഇടയ്ക്ക് അതിനെ കുറിച്ചു വലിയ പുസ്തകങ്ങളൊന്നും രചിച്ചിട്ടില്ല. ഒരുപക്ഷെ, ഏറ്റവും നല്ല ഗ്രന്ഥം രചിച്ചത് 1580-ൽ ആയിരിക്കാം! ഉപവാസം കൂടാതെ സഭയുടെ വളർച്ചയെകുറിച്ച് നമുക്ക് എങ്ങനെ ചിന്തിക്കുവാൻ കഴിയും?

ബൈബിളിലെ പ്രമുഖരായ ആളുകളെല്ലാം ഉപവസിച്ചിട്ടു്: മോശെ, ശമുവേൽ, ഏലിയാവ്, ദാവീദ്, ദാനിയേൽ, എസ്ഥേർ, നെഹമ്യാവ്, യോഹന്നാൻ സ്നാപകൻ, യേശു, പൗലൊസ്! പുതിയനിയമസഭ ഉപവസിച്ചിരുന്നു. നിങ്ങൾക്ക് ഉപവസിക്കത്തക്കതായി കാര്യമായിട്ടൊന്നുമില്ലെങ്കിൽ, പിന്നെ ദൈവത്തെ എന്തിനു ശല്യപ്പെടുത്തണം? പൗലൊസ് പലപ്പോഴും ഉപവസിച്ചിട്ടു്. നമുക്ക് പൗലൊസിനെപോലെ വലിയവരാകണം എങ്കിൽ നാം എന്തുകൊു പൗലൊസിനെ പോലെ ഉപവസിക്കുന്നില്ല? മിഷ്യൻ പ്രവർത്തനം തുടങ്ങിയതു പ്രാർത്ഥനയോടെയാണ് (പ്രവൃത്തികൾ 13:1, 2). മൂപ്പന്മാരെ നിയമിച്ചതു ഉപവസിച്ചശേഷമായിരുന്നു (പ്രവൃത്തികൾ 14:23). എല്ലാ വലിയ പ്രതി

സന്ധികളും ഉപവാസത്താൽ നീങ്ങിയിട്ടു്.

ജീവനുള്ളതായ പ്രാർത്ഥനയാണ് ഉപവാസം! അതു ഒരു ഇന്ദ്രജാലമോ സ്വന്തം കാര്യത്തിനുള്ള സ്വാധീനമോ അല്ല. ദൈവത്തിനും നമുക്കും മദ്ധ്യേ മറ്റൊന്നും നില്ക്കുവാൻ നാം അനുവദിക്കരുത്. നല്ലതിനെ ഏറ്റവും നല്ലതിനു വേി ഉപേക്ഷിക്കുകയാണ് നാം ഉപവാസത്തിൽ ചെയ്യുന്നത്. ആത്മാവു ശരീരത്തെ നിയന്ത്രിക്കുന്നു. അഭ്യാസം ശരീരത്തിനു എന്താകുന്നുവോ, അതു പോലെയാകുന്നു ആത്മാവിനു ഉപവാസം. പ്രാർത്ഥന പരിശീലനമാകുന്നു. പ്രാർത്ഥിക്കുക! സിദ്ധാന്തമല്ല, പരിശീലനമാണ്, തികവു നൽകുന്നത്. ചെയ്യുക എന്നാൽ പരിശീലിക്കുക എന്നതാണ്. പ്രവർത്തിയാണ് മനോഭാവത്തെ തീരുമാനിക്കുന്നത്. സാധ്യമായതിനും അസാധ്യമായതിന്നും അസാധ്യമാകുവാൻ സാധ്യതയുള്ളതിനും വേി പ്രാർത്ഥിക്കുക കാരണം ദൈവത്തിനു എല്ലാം സാധ്യമാണ്!

**പ്രാർത്ഥന നിർബന്ധമുള്ള അപേക്ഷയാണ് (നിരന്തരപ്രയത്നം)**

ഉപമകൾ ലോകത്തെ കീഴ്മേൽ മറിക്കും. അവ നമ്മെ ആശ്ചര്യപ്പെടുത്തും. ലൂക്കൊസ് 18 തുടങ്ങുന്നു, മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കേണം എന്നതിന് അവൻ അവരോടു ഒരു ഉപമ പറഞ്ഞു. ഇതിനെ അനീതിയുള്ള ന്യായാധിപന്റെ ഉപമ എന്നാണ് അറിയപ്പെടുന്നത്. നിയമപരമായ ആഗ്രഹം വെച്ചുപുലർത്തിയ ഒരു വിധവയെ യേശു ഇവിടെ പരിചയപ്പെടുത്തുന്നു. ആ ന്യായാധിപൻ, ദൈവത്തെ ഭയവും, മനുഷ്യരെ ശങ്കയുമില്ലാതിരുന്നവനായിരുന്നെങ്കിലും, വിധവ അവനെ അസഹ്യമാക്കുന്നതുകൊ്, താൻ അവളെ പ്രതിക്രിയ നടത്തി രക്ഷിക്കും എന്നു പറഞ്ഞു (ലൂക്കൊസ് 18:5). അവിടെ യേശു അനീതിയുള്ള ന്യായാധിപനുമായി ദൈവത്തെ താരതമ്യം ചെയ്യുകയല്ല ചെയ്തത്. മറിച്ച്, മടുപ്പുകൂടാതെ പ്രാർത്ഥിച്ച ആ വിധവയെ പോലെ പ്രാർത്ഥിക്കുന്നതിൽ നാം മടുത്തുപോകരുത് എന്നു കാണിക്കുകയാണ്. സ്ഥിരോൽസാഹത്തിനു പകരമായി ഭൂമിയിൽ മറ്റൊന്നുമില്ല. താലന്ത്, ശക്തി, ബുദ്ധിവൈഭവം എന്നിവക്കു കഴിയുകയില്ല. പ്രശ്നം ദൈവത്തിലല്ല പിന്നെയോ നമ്മിലാണ്. പ്രാർത്ഥിക്കണമെന്നു തോന്നാത്തപ്പോഴും പ്രാർത്ഥിക്കുക. നിങ്ങൾ പ്രാർത്ഥിക്കുന്നതുവരെ പ്രാർത്ഥിക്കുക. എന്തുകൊു നാം മുട്ടിക്കൊിരിക്കണം? എപ്പോഴാണ് ഒരു ഉത്തരത്തിനു നാം ഇല്ല എന്നു പറയുന്നത്?

ആത്മാവിനെ ശോധനകഴിക്കുന്ന ചിന്തയുമായാണ് യേശു ഈ ഉപമ അവസാനിപ്പിക്കുന്നത്: എങ്ങനെയായാലും, ഭൂമിയിൽ മനുഷ്യപുത്രൻ വരുമ്പോൾ, അവൻ വിശ്വാസം കത്തുമോ? (ലൂക്കൊസ് 18:8).

***"കർത്താവേ, ഞാൻ പ്രാർത്ഥനയിൽ വിശ്വസിക്കുന്നില്ല...***
***എനിക്ക് നിന്നിൽ വിശ്വാസമു്.***
***വിശ്വാസത്തിൽ പ്രാർത്ഥിപ്പാൻ എന്നെ പഠിപ്പിക്കേണമേ."***

---

കുറിപ്പുകൾ

[1]ഇഗ്നേസ് പാടരേവിസ്കി ഒരു ആദരണീയനായ ലാളിത്യമുള്ള പിയാനിസ്റ്റായിരുന്നു (1860–1941). [2]ഒരു വ്യക്തി ഒരു അഭിപ്രായത്തെ, വിശ്വാസത്തെ, അല്ലെങ്കിൽ പ്രവർത്തിയുടെ പദ്ധതിയെ സ്വയമായി-അംഗീകരിക്കുവാൻ ഇടവരുന്ന രീതിക്കാണ് ആത്മനിർദ്ദേശം എന്നു പറയുന്നത്.